പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2462 — 23-01-2014 ൽ മറുപടിക്ക്

## സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; | (എ) ഉണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പൊതുജനങ്ങൾക്ക്, അവർ സർക്കാരിന് നല്കിയിട്ടുള്ള പരാതികളുടെ സ്ഥിതി അറിയുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും സിറ്റിസൻ കോൾ സെന്ററിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.കൂടാതെ സർക്കാരിന് നല്കിയ പരാതിയുടെ സ്ഥിതി വിവരം മനസ്സിലാക്കാൻ സെക്രട്ടറിയേറ്റിൽ നടപ്പാക്കിയ ഐഡിയാസ്(IDEAS)സംവിധാനം ഉപയോഗപ്പെടുത്താൻ കഴിയും. |
| (സി) സർക്കാർ ഓഫീസുകൾ കടലാസു രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (സി) സെക്രട്ടേറിയേറ്റിലെ രണ്ട് വകുപ്പുകളിലും ഐ. ടി.മിഷൻ തുടങ്ങിയ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകളിലും കടലാസു രഹിത ഫയൽ പദ്ധതിയായ ഇ-ഓഫീസ്, എൻ.ഐ.സി മുഖേന നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിൻെറ മുന്നോടിയായി ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. |
| (ഡി) സർക്കാർ പ്രഖ്യാപിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യ പ്രദമായി വീടിനടുത്തുള്ള പൊതു ജനസേവന (അക്ഷയ) കേന്ദ്രങ്ങൾ വഴി ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിൻെറ മികവ് |

പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടമെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങളാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ലഭിച്ചു വരുന്നത്. 2013 മാർച്ച് മാസത്തോടു കൂടി എല്ലാ ജില്ലകളിലും ഈ പദ്ധതി നിലവിൽ വന്നു. ഇതിനോടകം 5896814 അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും ഡിജിറ്റൽ ഒപ്പോടുകൂടി 5134414 സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്താകമാനം നിലവിൽ വന്ന പശ്ചാത്തലത്തിൽ 2013 ഏപ്രിൽ 22 മുതൽ ലഭിക്കുന്ന അപേക്ഷകളിൽ മേൽ മുൻഗണനാ ക്രമത്തിൽ തീർപ്പ കൽപ്പിക്കുന്നതിന് സംസ്ഥാന ഐ.ടി മിഷൻ (ഫിഫോ -First in First Out സിസ്റ്റം) ആദ്യം ലഭിക്കുന്ന അപേക്ഷയിൻ മേൽ ആദ്യം തീർപ്പ കൽപ്പിക്കൽ) സംവിധാനം ഏർപ്പെടുത്തി. ഓൺലൈൻ ആർ.ടി. ഐ, പി ജി (Public Grievances)സേവനങ്ങൾ, വൈദ്യുതി ബിൽ, വാട്ടർ ബിൽ, ബി.എസ്.എൻ.എൽ ബിൽ, ടെലിഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ ഉൾപ്പെടെ 500 –ഓളം സർക്കാർതല സേവനങ്ങളുടെ പണമിടപാടുകൾ ഇ-ഡിസ്ട്രിക്ട് പോർട്ട ലിലൂടെ അടയ്ക്കാവുന്ന സൗകര്യവും ഒരുക്കി യിട്ടുണ്ട്. ജനങ്ങൾക്ക് ഇതുവരെ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിന്നു മാത്രം ലഭ്യമായിരുന്ന സേവനങ്ങൾ ഇ-ഡിസ്ട്രിക്ട് പോർട്ടൽ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. Revenue Department
2. Motor Vehicles Department
3. Kerala Police
4. Commercial Tax Department
5. Law Department
6. Health Department
7. Employment Exchange
8. High Court
9. Labour Department
10. Election Department
11. District Collectorate
12. Land Records Department
13. Technical Education
14. Tourism Department
15. Treasuries Department
16. Civil Supplies
17. General Education Department
18. Industrial Training
19. KSEB
20. Forest Department
21. Registration Department
22. Irrigation Department
23. It @ school
24. Animal Husbandry
25. IIITMK
26. IMG
27. Fisheries
28. PSC
29. University of Kerala
30. PWD
31. Urban Affairs Department
32. Excise Department
33. Harbour Engineering Department
34. Agriculture Department
35. C-Dit
36. C-DAC
37. Social Justice Department
38. Akshaya
39. Schedule Tribes Department